**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് കെ.യൂ.ആർ.ഡി.എഫ്.സി യിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.3315/1 6/തസ്വഭവ    തിരുവനന്തപുരം, തീയതി :05.12.2016.

---

പരാമർശം - 1. സ.ഉ.(എം.എസ്)നം.147/2009/തസ്വഭവ തീയതി 29/07/2009.

2. വെളിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30/06/2016 തീയതിയിലെ A5/4105/15 നമ്പർ കത്ത്.

3. പഞ്ചായത്ത് ഡയറക്ടറുടെ 07/07/2016 – ലെ എഫ്3/21328/2016 നമ്പർ കത്ത്.

4. മാനേജിംഗ് ഡയറക്ടർ, കെ യൂ ആർ ഡി എഫ് സിയുടെ 29.06.16 തീയതിയിലെ കെ യൂ ആർ ഡി എഫ് സി/ GP 321 /14 നമ്പർ കത്ത്

5. വെളിയം ഗ്രാമ പഞ്ചായത്തിന്റെ 27/6/2016 തീയതിയിലെ യോഗത്തിന്റെ 1(6) നമ്പർ തീരുമാനം.

## ഉത്തരവ്

കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് കെ.യൂ.ആർ.ഡി.എഫ്.സി യിൽ നിന്നും 1,84,50,000/-(ഒരു കോടി എൻപത്തിനാല് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) വായ്പയെടുക്കുന്നതിന് അനുമതി നൽകണമെന്ന് വെളിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സൂചന രണ്ട് പ്രകാരം അപേക്ഷിച്ചിരുന്നു.സൂചന മൂന്ന് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ടി അപേക്ഷ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിന്റെയും പരാമർശം മൂന്നിലെ പഞ്ചായത്ത്ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് കെ.യൂ.ആർ.ഡി.എഫ്.സി യിൽ നിന്നും 1,84,50,000/- (ഒരു കോടി എൻപത്തിനാല് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) വായ്പയെടുക്കുന്നതിന് ലോക്കൽ അതോറിറ്റീസ് ലോൺ ആക്റ്റ്സെക്ഷൻ മൂന്ന് പ്രകാരം വെളിയം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ.കെ മോഹനകുമാർ**
ജോയിന്റ് സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് വേണ്ടി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
സെക്രട്ടറി, വെളിയം ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല
മാനേജിംഗ് ഡയറക്ടർ, കെ.യൂ.ആർ.ഡി.എഫ്.സി
അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ